# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.04.2025**

## പ്രധാനവാർത്തകൾ

1) രാജ്യത്ത് പൊതു സെൻസസിനൊപ്പം ജാതി സെൻസസ് കൂടി നടപ്പാക്കാൻ കേന്ദ്രസർക്കാർ തീരുമാനം.

2) പഹൽഗാം ഭീകരാക്രമണം മനുഷ്യരാശിയുടെ നേർക്കുള്ള വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ നാടിന് സമർപ്പിക്കും.

4) ലോകത്തെ ആദ്യ ദൃശ്യ, ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025 ന് നാളെ മുംബൈയിൽ തുടക്കം.

5) അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാനായി സംസ്ഥാനത്ത് പുതുക്കിയ കർമ പദ്ധതി തയ്യാറായതായി മന്ത്രി വീണാ ജോർജ്.

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

*****************

RNU TVPM

## മന്ത്രിസഭയോഗം (ഇൻട്രോ)

രാജ്യത്ത് പൊതു സെൻസസിനൊപ്പം ജാതി സെൻസസ് കൂടി നടപ്പാക്കാൻ കേന്ദ്രസർക്കാർ തീരുമാനം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ രാഷ്ട്രീയ കാര്യ സമിതി യോഗത്തിലാണ് തീരുമാനമുണ്ടായത്. ചില സംസ്ഥാനങ്ങൾ മികച്ചനിലയിൽ ജാതി സെൻസസ് നടത്തിയെങ്കിലും, ചിലയിടങ്ങളിൽ രാഷ്ട്രീയ കാരണങ്ങൾ ഇതിന് പിന്നിൽ പ്രവർത്തിച്ചിരുന്നതായി മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇത്തരം സർവേകൾ സമൂഹത്തിൽ സംശയങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ജനതാത്പര്യം മുൻനിർത്തിയാണ് ജാതി വിവരങ്ങൾ കൂടി സെൻസസിൻറെ ഭാഗമായി ശേഖരിക്കാൻ തീരുമാനിച്ചത്. സെൻസസ് നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു

(ഹോൾഡ്)

RNU TVPM

*****************

## മുഖ്യമന്ത്രി (ഇൻട്രോ)

പഹൽഗാം ഭീകരാക്രമണം മനുഷ്യരാശിയുടെ നേർക്കുള്ള വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കേന്ദ്രസർക്കാർ തക്കതായ മറുപടി നൽകണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പഹൽഗാമിൽ ജീവൻ പൊലിഞ്ഞവർക്ക് അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു.

(ഹോൾഡ്)

സർക്കാരിൻറെ നാലാംവാർഷികത്തോടനുബന്ധിച്ച് നടക്കുന്ന പരിപാടികൾക്ക് വൻ ജനപിന്തുണ ലഭിക്കുന്നതായും അദ്ദേഹം

പറഞ്ഞു. വിഴിഞ്ഞം തുറമുഖം ഓരോ മലയാളിക്കുമുള്ള സമ്മാനമാണെന്നും, സംസ്ഥാന സർക്കാരിൻറെ ഇച്ഛാ ശക്തിയുടെ പ്രതീകമാണ് പദ്ധതിയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

*****************

## വിഴിഞ്ഞം

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ഷിപ്പിങ്ങ് മന്ത്രി സർബാനന്ദ സോനോവാൾ, ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്. 4,200 ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. കടലിലെ പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾക്ക് പുറമേ, വ്യോമസേനയുടെ വിമാനങ്ങളും ഹെലികോപ്റ്ററുകളും സുരക്ഷയ്ക്കായി വിന്യസിക്കും. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. 2028 ഓടെ തുടർന്നുള്ള ഘട്ടങ്ങളും പൂർത്തിയാകും.

*****************

## ഗതാഗത നിയന്ത്രണം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ ഉച്ചയ്ക്ക് 02.00 മണി മുതൽ രാത്രി 10.00 മണി വരെയും മറ്റെന്നാൾ രാവിലെ 06.30 മുതൽ ഉച്ചയ്ക്ക് 02.00 മണി വരെയും തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രധാന റോഡുകളിലും സമീപമുള്ള ഇടറോഡുകളിലും

BINU TVPM

വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കില്ല. വിമാനത്താവളത്തിലേക്ക് വരുന്ന യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണ്.

*****************

## മെഗാ സൂംബാ ഡിസ്‌പ്ലേ

കുഞ്ഞുങ്ങളിലേക്ക് ലഹരി എത്തുന്നത് തടയുക എന്നത് വളരെ ശ്രദ്ധയോടെയും ഉത്തരവാദിത്തത്തോടെയും ചെയ്യേണ്ട കാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള മെഗാ സൂംബാ ഡിസ്‌പ്ലേ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുട്ടികളെ കായികമായും മാനസികമായും ഉന്മേഷമുള്ളവരാക്കി മാറ്റാൻ സഹായിക്കുന്നതാണ് സൂംബാ ഡാൻസ് പോലുള്ള പരിപാടികൾ. വീടിനടുത്ത് കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള ആയിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾ മെഗാ സൂംബാ ഡിസ്‌പ്ലേയിൽ പങ്കെടുത്തു.

*****************

## അമീബിക്ക് മസ്തിഷ്ക ജ്വരം

അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാനായി പുതുക്കിയ കർമ പദ്ധതി തയ്യാറാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മസ്തിഷ്ക ജ്വരം സംശയിക്കുന്ന എല്ലാ രോഗികളിലും രോഗ നിർണയ പരിശോധന നടത്തും. വിദ്യാർത്ഥികൾക്കും ജലാശയങ്ങളുമായി ഇടപഴകുന്നവർക്കും അവബോധം നൽകാനും നടപടി സ്വീകരിക്കും. രോഗനിർണയത്തിനുള്ള അപെക്സ്സെന്ററുകളായി സംസ്ഥാന പിഎച്ച് ലാബ്, തോന്നക്കൽ I A V എന്നിവ പ്രവർത്തിക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

RNU TVPM

*****************

## <u>വേവ്സ് (ഇൻട്രോ)</u>

ലോകത്തെ ആദ്യ ദൃശ്യ, ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025 ൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മുംബൈയിൽ നിർവ്വഹിക്കും. ജിയോ വേൾഡ് കൺവെൻഷൻ സെൻററിലാണ് നാല് ദിവസം നീളുന്ന ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

ഒരു റിപ്പോർട്ട്.

**വേവ്സ് (വോയ്സ്)**

*മാധ്യമ, വിനോദ മേഖലകളിലെ ആഗോള കേന്ദ്രമാക്കി ഇന്ത്യയെ ഉയർത്തുകയാണ് വേവ്സ് ഉച്ചകോടിയുടെ ലക്ഷ്യം. സുപ്രധാനമായ നിരവധി ചർച്ചകൾക്ക് വേദിയാവുന്ന ഉച്ചകോടിയിൽ മാധ്യമ , വിനോദ രംഗങ്ങളിലെ ആഗോള പ്രമുഖർ പങ്കെടുക്കും.അമിതാഭ് ബച്ചൻ, രജനീകാന്ത്, ചിരഞ്ജീവി, മോഹൻലാൽ, ഷാരുഖ് ഖാൻ തുടങ്ങിയ ചലച്ചിത്ര പ്രമുഖരും ഇതിൽ ഭാഗമാവും. 100 രാജ്യങ്ങളിൽ നിന്നായി 5,000 ത്തോളം പ്രതിനിധികളാണ് വേവ്സ് 2025 ൽ പങ്കെടുക്കുന്നത്. വിനോദ രംഗത്തെ ഇന്ത്യൻ വിപണി സാന്നിധ്യം 2029 ഓടെ 50 ബില്യൺ ഡോളറാക്കി ഉയർത്താനും വേവ്സിലൂടെ ലക്ഷ്യമിടുന്നു. വിനോദ മേഖലകളിലെ സ്റ്റാർട്ട് അപ്പുകൾക്കും ഉച്ചകോടി പ്രോത്സാഹനം നൽകും.*

*ന്യൂസ് ഡസ്ക്, ആകാശവാണി.*

*****************

## <u>ഗവർണറുടെ മേയ് ദിന ആശംസ</u>

സംസ്ഥാനത്തെ ജനങ്ങൾക്ക് മേയ് ദിനാശംസകൾ നേർന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തൊഴിലാളി സമൂഹത്തിൻ്റെ ഐക്യദാർഢ്യത്തിൻ്റെയും, നിരന്തര

RNU TVPM

പോരാട്ടത്തിന്റെയും ഓർമ്മപ്പെടുത്തലുകളാണ് ഓരോ മേയ് ദിനവുമെന്ന് ഗവർണർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

*****************

<u>ചീഫ് സെക്രട്ടറി</u>

കാര്യക്ഷമമായി പ്രവർത്തിച്ച മികച്ച ഉദ്യോഗസ്ഥയാണ് ശാരദ മുരളീധരൻ എന്നും അടുത്ത സഹസ്രാബ്ദ ഘട്ടത്തിലേക്ക് കേരളത്തെ കൈപിടിച്ച് നടത്താനുള്ള തരത്തിലുള്ള പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറി നടത്തിയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ . തിരുവനന്തപുരത്ത് ചീഫ് സെക്രട്ടറിയുടെ പദവിയിൽ നിന്ന് ശ്രീമതി ശാരദാ മുരളീധരൻ വിരമിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ എ ജയതിലക് ആണ് സംസ്ഥാനത്തിൻറ പുതിയ ചീഫ് സെക്രട്ടറി.

*****************

<u>എഡിജിപി</u>

ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി എച്ച് വെങ്കിടേഷിനെ നിയമിച്ച് സംസ്ഥാന സർക്കാർ ഉത്തരവായി. മനോജ് എബ്രഹാം അഗ്നിരക്ഷാ സേനാ മേധാവിയായി സ്ഥാനമേൽക്കുന്നതിനെ തുടർന്നുണ്ടായ ഒഴിവിലേക്കാണ് നിയമനം. നിലവിലെ അഗ്നി രക്ഷാ സേനാ മേധാവിയായ, ഡിജിപി കെ പത്മകുമാർ ഇന്ന് വിരമിക്കുകയാണ്.

*****************

<u>ശ്രീകുമാർ മുഖത്തല</u>

ആകാശവാണി ശ്രോതാക്കൾക്ക് ഏറെ പ്രിയങ്കരനായ ശ്രീകുമാർ മുഖത്തല 35 വർഷത്തെ സേവനങ്ങൾക്ക് ശേഷം ഇന്ന് വിരമിക്കുന്നു. ആകാശവാണി തിരുവനന്തപുരം നിലയത്തിലെ പ്രോഗ്രാം വിഭാഗം അസിസ്റ്റൻറ് ഡയറക്ടർ ആയിരുന്ന അദ്ദേഹം കൊച്ചി, കോഴിക്കോട് നിലയങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആകാശവാണിയുടെ

RNUTVPM

മകരവിളക്ക് തത്സമയ വിവരണത്തിൽ നീണ്ട 19 വർഷം ശബ്ദ സാന്നിധ്യമായിരുന്നു. കവി, പ്രഭാഷകൻ എന്നീ നിലകളിലും ഏറെ ശ്രദ്ധേയനാണ്.

*****************

## ബിഎ ആളൂർ അന്തരിച്ചു

പ്രമുഖ ക്രിമിനൽ അഭിഭാഷകൻ ബി.എ ആളൂർ അന്തരിച്ചു. വൃക്ക രോഗത്തിന് ചികിത്സയിലിരിക്കെയാണ് അന്ത്യം. സൗമ്യ വധക്കേസ്, ഇലന്തൂർ നരബലി കേസ്, കൂടത്തായി ജോളി കേസ് തുടങ്ങി പ്രമാദമായ കേസുകളിൽ പ്രതി ഭാഗത്തിന് വേണ്ടി ഹാജരായിരുന്നു.

*****************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ പോയിൻറ് പട്ടികയിൽ പഞ്ചാബ് അഞ്ചാം സ്ഥാനത്തും ചെന്നൈ പത്താം സ്ഥാനത്തുമാണ്.

RNUTVPM

*****************

## കാലാവസ്ഥ

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത ഉള്ളതിനാൽ പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു . വരും മണിക്കൂറിൽ തിരുവനന്തപുരം ജില്ലയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

*****************

## സെൻസെക്സ് - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 46 പോയിന്റ് നഷ്ടത്തിൽ 80,242 ലും,

ദേശീയ ഓഹരി സൂചിക നിഫ്റ്റി 2 പോയിന്റ് ഇടിഞ്ഞ് 24,334 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില പവന് 40 രൂപ കുറഞ്ഞ് 71,800 രൂപയും, ഗ്രാമിന് 8,980 രൂപയുമാണ് ഇന്നത്തെ വില.

*****************

## ജെ .ചിഞ്ചുറാണി

47 ബ്ലോക്ക് പഞ്ചായത്തുകളിൽ പുതുതായി സ്ഥാപിക്കുന്ന മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെയും 12 ജില്ലകളിൽ പുതുതായി സ്ഥാപിക്കുന്ന മൊബൈൽ സർജറി യൂണിറ്റുകളുടെയും ഫ്ലാഗ് ഓഫ് കർമ്മം മന്ത്രി ജെ ചിഞ്ചുറാണി തിരുവനന്തപുരത്ത് നിർവഹിച്ചു. ക്ഷീരകർഷക രുടെ വീട്ടുപടിക്കൽ നൽകി വരുന്ന മൃഗചികിത്സ സേവന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ് നടപടി.

*****************

## കെഎൻ ബാലഗോപാൽ

സംസ്ഥാനത്തെ തനത് നികുതി വരുമാനം 50,000 കോടിയിൽനിന്ന് ഒരു ലക്ഷം കോടി രൂപയായി ഉയർത്താൻ കേരളത്തിന് സാധിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. കൊയിലാണ്ടി സബ് ട്രഷറി കെട്ടിടത്തിൻറെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം .

2021ൽ 47,000 കോടി രൂപയായിരുന്ന കേരളത്തിന്റെ തനത് നികുതി വരുമാനം ഈ വർഷം 95,000 കോടി രൂപയായി ഉയർന്നതായും അദ്ദേഹം പറഞ്ഞു.

*****************

*****************

********

RNI TVPM